LIBRARY ARCHIVES Kerala Legislative Assembly

മൂവാറ്റുപുഴ-കാക്കനാട് റോഡിന് ഭരണാനുമതി

201 (1929) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ (നാലുവരിപ്പാത) സ്ഥലമെടുപ്പിനും നിർമ്മാണത്തിനും ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ നിർമ്മാണത്തിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര മണ്ഡലത്തിന് ലഭിച്ച റോഡ് പ്രവൃത്തികൾ

202 (1930) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ. :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഏതെല്ലാം റോഡ് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും എത്ര തുക ചെലവഴിച്ചുവെന്നും പേരുസഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കണ്ണോത്ത്-പുല്ല റോഡിന്റെ നിർമ്മാണം

203 (1931) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കണ്ണോത്ത്-പുല്ല റോഡിന്റെ (മണലൂർ-തൃശ്ശൂർ ലിങ്ക് റോഡ്) നിർമ്മാണം ഏത് പദ്ധതിയിൽപ്പെടുത്തിയാണ് ആരംഭിച്ചത് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധം V

[നക്ഷത്രചിഹ്നമിടാത്ത 202(1930)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ ഭരണാനുമതി നൽകിയ/പൂർത്തിയാക്കിയ റോഡ് പ്രവൃത്തികൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ഭരണാനുമതി നൽകിയ തുക	പൂർത്തീകരിച്ച പ്രവൃത്തി	ചെലവഴിച്ച തുക
1	പേരാമ്പ്ര എടവരാട് ആവള റോഡ് കി.മീ.0/000 മുതൽ 4/500	100 ലക്ഷം	...	...
2	-ടി- -ടി- 4/500 മുതൽ 7/500	50 "	പ്രവൃത്തി പൂർത്തീകരിച്ചു	59.49 ലക്ഷം
3	പേരാമ്പ്ര-ചെമ്പ്ര കൂരാച്ചുണ്ട് റോഡ് കി.മീ.0/000 മുതൽ 10/800	200 "	...	...
4	പേരാമ്പ്ര ബൈപ്പാസ് ലാന്റ് അക്വസിഷൻ	395 "	...	...
5	എകരൂൽ-കക്കയം ഡാം സൈറ്റ് റോഡ് കി.മീ.25/00 മുതൽ 30/300	125 "	...	...
6	എസ്.എച്ച്. 38 പി.യു.കെ.സി. ബി.എം. & ബി.സി. കി.മീ.35/00 മുതൽ 43/200	560 "	...	...
7	നടുവണ്ണൂർ മന്ദംകാവ് ഊരള്ളൂൽ മുത്താമ്പി റോഡ് കി.മീ.0/000-9/700	70 "	പ്രവൃത്തി പൂർത്തീകരിച്ചു	51.67 ലക്ഷം
8	പേരാമ്പ്ര ചെമ്പ്ര കൂരാച്ചുണ്ട് റോഡ് വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം ഉയർത്തൽ കി.മീ.0/000 മുതൽ 1/000	30 "	പ്രവൃത്തി പൂർത്തീകരിച്ചു	30.26 ലക്ഷം
9	കൂരാച്ചുണ്ട് കല്ലനോട് 28th Mile road കി.മീ. 0/000 മുതൽ 3/500	30 "	പ്രവൃത്തി പൂർത്തീകരിച്ചു	44.07 ലക്ഷം
10	കൊയിലാണ്ടി-മുത്താമ്പി അരിക്കുളം അഞ്ചാംപീടിക റോഡ് കി.മീ.9/600	45 "	പ്രവൃത്തി പൂർത്തീകരിച്ചു	40.02 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly